# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **3220** | **18.10.2016**- ൽ മറുപടിക്ക്

## ആശ്വാസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ**<br>**" റോജി എം. ജോൺ**<br>**" സണ്ണി ജോസഫ്**<br>**" തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **ശ്രീ. എ.സി.മൊയ്തീൻ**<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;<br><br>ബി) എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിയത്; | (എ) & (ബി) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 2011, 2012, 2014, 2015, 2016 വർഷങ്ങളിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ ബാങ്കുകളുടെ വായ്പ കുടിശ്ശിക കുറയ്ക്കുക, സഹകാരികൾക്ക് അവരുടെ കടബാദ്ധ്യതയിൽ നിന്നും ഒഴിവാകുന്നതിന് അവസരമൊരുക്കുക എന്നീ ലക്ഷ്യത്തോടെയാണ് ആശ്വാസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.സഹകരണ അദാലത്ത്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിങ്ങനെ രണ്ട് ഘട്ടമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയത്. |
| സി) പ്രസ്തുത പദ്ധതി വഴി സംസ്ഥാന സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയുടെ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ; | (സി) ആശ്വാസ് പദ്ധതികളിലൂടെ കുടിശ്ശിക ഇനത്തിൽ ഈടാക്കിയെടുത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2011 – 1007.05 കോടി രൂപ<br>2012 – 1995.61 കോടി രൂപ<br>2014 – 3079.53 കോടി രൂപ<br>2015 – 4030.98 കോടി രൂപ<br>2016 – 4089.78 കോടി രൂപ |
| ഡി) എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് വായ്പകൾക്ക് നല്കിയതെന്ന് വ്യക്തമാക്കുമോ? | (ഡി) പ്രസ്തുത പദ്ധതിയിലൂടെ വായ്പകൾക്ക് ആനുകൂല്യമായി നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>2011 – 45.62 കോടി രൂപ |

2012 – 53.48 കോടി രൂപ
2014 – 128.39 കോടി രൂപ
2015 – 140.54 കോടി രൂപ
2016 – 132.77 കോടി രൂപ

**സെക്ഷൻ ഓഫീസർ**